**കേരള സർക്കാർ**

**സംഗ്രഹം**

2016-17 വർഷത്തെ തസ്തികനിർണ്ണയം, തസ്തിക നഷ്ടപ്പെട്ട സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.149/2017/പൊവിവ തിരുവനന്തപുരം, തീയതി 22/11/2017**

---

പരാമർശം:- 1. 29-1-2016-ലെ സ.ഉ (പി) നം. 29/2016/പൊ വി വ നമ്പർ സർക്കാർ ഉത്തരവ്

2. 05-08-2016-ലെ സ.ഉ (പി) നം. 134/2016/പൊവിവ നമ്പർ സർക്കാർ ഉത്തരവ്

3. 3-12-2016-ലെ .സ.ഉ (പി) നം. 199/2016/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.

4. WP (C ) നം. 1356/2017 തുടങ്ങിയ കേസുകളിൽ ബഹു. ഹൈക്കോടതിയുടെ 11-10-2017-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

2011-12 മുതൽ 2015-16 വരെയുള്ള അധ്യയന വർഷങ്ങളിലെ തസ്തികനിർണ്ണയം, അദ്ധ്യാപകനിയമനാംഗീകാരം, അദ്ധ്യാപക സംരക്ഷണം തുടങ്ങിയവ സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതനുസരിച്ച് തസ്തികനിർണ്ണയം പൂർത്തിയായപ്പോൾ, തസ്തിക നഷ്ടപ്പെട്ടതും സംരക്ഷണാർഹതയുള്ളതുമായ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് വേണ്ടി അദ്ധ്യാപകബാങ്ക് രൂപീകരിച്ച് ശാസ്ത്രീയമായ സംരക്ഷണവ്യവസ്ഥ കൊണ്ടുവരുന്നതിന്റെ ഭാഗമായി, 2015-16 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് തന്നെ 2016-17 വർഷത്തേയ്ക്കും ബാധകമാക്കിയും, അദ്ധ്യാപക സംരക്ഷണത്തിനായി ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (1) പ്രകാരമുള്ള ഉത്തരവ് തീയ്യതിയായ 29-01-2016 പ്രാബല്യത്തിൽ വരത്തക്കത്തവിധം അദ്ധ്യാപക ബാങ്ക് രൂപീകരിച്ചും, കൃത്യമായ പുനർവിന്യാസ വ്യവസ്ഥകൾ ഏർപ്പെടുത്തിയും പരാമർശം (3) പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി എസ്.ആർ.ഒ 752/2016 ആയി പ്രസിദ്ധീകരിക്കുകയുണ്ടായി.

എന്നാൽ, നാലാമത് പരാമർശിച്ച കോടതി ഉത്തരവ് പ്രകാരം 2016-17 വർഷത്തെ തസ്തികനിർണ്ണയം നടത്തേണ്ട സാഹചര്യം സംജാതമായിട്ടുള്ളതിനാൽ 2016-17 വർഷത്തെ തസ്തികനിർണ്ണയം സംബന്ധിച്ചും തസ്തികനഷ്ടപ്പെട്ടതും പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (1) പ്രകാരം സംരക്ഷണത്തിന് അർഹതയുള്ളതുമായ അദ്ധ്യാപകരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ചും ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. 2016-17 വർഷത്തെ തസ്തിക നിർണ്ണയം 6-ാം സാദ്ധ്യായദിവസത്തിൽ റോളിലുള്ള കുട്ടികളുടെ യു.ഐ.ഡി- യുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കി ഒരു മാസത്തിനകം ഉത്തരവ് നല്കേണ്ടതാണ്.
2. ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിൽ ആർ.ടി.ഇ ആക്റ്റ് 2009 ലെ ഷെഡ്യൂൾ അനുസരിച്ചും, ഒൻപത്, പത്ത് ക്ലാസ്സുകളിൽ കെ.ഇ.ആർ അടിസ്ഥാനത്തിലുമാണ് തസ്തികനിർണ്ണയം നടത്തേണ്ടത്.
3. ഇപ്രകാരം നിർണ്ണയിക്കപ്പെട്ട തസ്തികകളിൽ, നാലാമത് പരാമർശം പ്രകാരം ബഹു. ഹൈക്കോടതി നിലനിർത്തിയ പരാമർശം (3) പ്രകാരമുള്ള എസ്.ആർ.ഒ 752/2016 ലെ കെ.ഇ.ആർ അദ്ധ്യായം XXI ലെ ചട്ടം 7 ഭേദഗതിക്ക് വിധേയമായി നിയമനാംഗീകാരം നല്കാം.

4. 2016-17, 2017-2018 തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നഷ്ടപ്പെട്ടതും, പരാമർശം (1) ഉത്തരവ് പ്രകാരം സംരക്ഷണാർഹതയുള്ളതുമായ അദ്ധ്യാപകരെ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിലായിരിക്കണം പുനർവിന്യാസം നടത്തേണ്ടത്.
5. പരാമർശം (2) പ്രകാരം താത്കാലികമായി പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരെ പിൻവലിച്ച് എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകർക്കായി നീക്കിവച്ചിട്ടുള്ള സ്ഥിരം ഒഴിവുകളിൽ വിഷയാനുപാതക്രമം പാലിച്ചുനിയമിക്കേണ്ടതും ഇത്തരത്തിലുള്ള സംരക്ഷണം പൂർത്തിയാകുന്നതുവരെ പരാമർശം (2) പ്രകാരമുള്ള സംരക്ഷണവ്യവസ്ഥ തുടരാവുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ